**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T.1663** — **10.02.2020 ൽ മറുപടിക്ക്.**

## പിഴല - കണക്കിവിറ്റി റോഡ് നിർമ്മാണം

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) പിഴല - കണക്കിവിറ്റി മുതൽ പിഴല പ്രദേശം വരെയുള്ള 350 മീറ്റർ റോഡ് നിർമ്മിക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) പിഴല – കണക്കിവിറ്റി പാലം മുതൽ പിഴല റോഡുവരെയുള്ള 350 മീറ്റർ റോഡ് നിർമ്മിക്കുന്നതിന് അക്രെഡിറ്റഡ് ഏജൻസികളായ KMRL, ULCCS, CIAL എന്നീ ഏജൻസികളിൽ ആരെയെങ്കിലും ഏല്പിക്കുന്നതിനാണ് ജിഡയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ തീരുമാനം എടുത്തിട്ടുള്ളത്. |
| (ബി) ഇക്കാര്യത്തിൽ മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിനുശേഷം ജിഡ സ്വീകരിച്ച തുടർനടപടി എന്തെന്ന് വ്യക്തമാക്കാമോ; | (ബി) ജില്ലാ കളക്ടർ & ജിഡ സെക്രട്ടറി KMRL മായി ബന്ധപ്പെട്ട് അലൈൻമെന്റ് തയ്യാറാക്കി എസ്റ്റിമേറ്റ് സഹിതം സമർപ്പിക്കുന്നതിന് നിർദ്ദേശം നല്കിയിരുന്നു. ഡ്രാഫ്റ്റ് അലൈൻമെന്റ് തയ്യാറാക്കി ചർച്ച ചെയ്തിരുന്നു എങ്കിലും പിന്നീട് ഇക്കാര്യത്തിൽ പുരോഗതി ഒന്നും ഉണ്ടായില്ല.<br>ജിഡ സെക്രട്ടറി ULCCS മായി ബന്ധപ്പെട്ട് അലൈൻമെന്റ് തയ്യാറാക്കി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് ആവശ്യപ്പെട്ടതനുസരിച്ച് ULCCS ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തി അലൈൻമെന്റ് തയ്യാറാക്കി 03/01/2020-ൽ വൈപ്പിൻ എം.എൽ.എ. യുടെ അധ്യക്ഷതയിൽ കൂടിയ പഞ്ചായത്ത് ഭരണാധികാരികൾ, ഉദ്യോഗസ്ഥർ, സ്ഥലം ഉടമസ്ഥർ, റവന്യൂ ഉദ്യോഗസ്ഥർ, ജിഡ ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെട്ട യോഗത്തിൽ അവതരിപ്പിച്ചിരുന്നു. ശേഷം സ്ഥലം ഉടമകളുടേയും പഞ്ചായത്ത് അധികാരികളുടേയും സാന്നിധ്യത്തിൽ സ്ഥലത്ത് peg mark ചെയ്തു രേഖപ്പെടുത്തുകയും ചെയ്തിരുന്നു. ഈ അലൈൻമെന്റിന് അനുസൃതമായി വിശദമായ എസ്റ്റിമേറ്റും സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യമായ വിവരങ്ങളും ഉടൻ ലഭ്യമാക്കുന്നതിന് ULCCS നോട് ആവശ്യപ്പെട്ടിരുന്നു. ആയതനുസരിച്ച് ULCCS സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br>ഈ പ്രവൃത്തി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 16/12/2019, 03/01/2020 എന്നീ തീയതികളിൽ സ്ഥലം ഉടമകളുടെ യോഗം വിളിച്ചുകൂട്ടുകയും ഈ യോഗത്തിൽ സ്ഥലം ഉടമകൾ സ്ഥലം വിട്ടുനല്കുന്നതിന് സമ്മതം അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുവാനാകുമെന്ന് വ്യക്തമാക്കാമോ? | (സി) എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാകുന്ന മുറയ്ക്ക് സ്ഥലം advance possession -ൽ എടുത്ത് വർക്ക് ഓർഡർ നല്കിയാലുടൻ പ്രവൃത്തി തുടങ്ങാവുന്നതും 3-4 മാസത്തിനുള്ളിൽ പൂർത്തീകരിക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ